
marggam
Digital Library of Christianity in India
www.marggam.com




www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# പൂക്കാലം

(മരിയ കീർത്തനങ്ങൾ)

From
Fr Abel T.O.C.D.

ഫാദർ ആബേൽ ററി. ഒ. സി. ഡി.

All rights reserved.

മൂന്നണ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

First Edition Copies 3000

NIHIL OBSTAT

Fr. WENCESLAUS T. O. C. D

Fr. COLUMBIERE T.O.C.D.

IMPRIMI POTEST:

V. Rev. Fr. MAURUS T. O. C. D.

Prior General

1—4—1953

IMPRIMATUR:

+ MATHEW KAVUKATT

Bp. of Changanacherry

7—4—1953

*Cover design—Jose*

*St. Francis Sales' Press (Deepika) Kottayam.* 1953

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വിമലതയുതിരും പൂന്തെന്നലായ് നീ
വരൂവ്യോമറാണീ.........P. 9

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആമുഖം.

(ശ്രീ. മുട്ടത്തുവർക്കി)

സംഗീതമാണ് മനുഷ്യഹൃദയങ്ങളെ ഏററവും കൂടുതലായി ആകർഷിക്കുന്ന സുകുമാരകല. പാമ്പാട്ടിയുടെ കുഴലൂത്തുകേട്ട് മതിമയങ്ങി പത്തിവിടർത്തി ആനന്ദനൃത്തം ചെയ്യുന്ന മൂർഖൻപാമ്പിനെ നാം കണ്ടിട്ടില്ലേ. മലഞ്ചെരുവിൽ പുല്ലുമേയുന്ന കന്നുകാലികൾ ഇടയച്ചെറുക്കന്റെ ഓടക്കുഴൽ പാട്ടുകേട്ടു ചെവി കൂർപ്പിച്ച് നിർന്നിമേഷങ്ങളായി നിന്നുപോകുന്നു.

"പാതിക്കണ്ണടച്ചിട്ടും പാതിവായ് തുറന്നിട്ടും
പാതിവെൺപുഞ്ചിരിപ്പാൽ മെയ്യിൽ പകർന്നിട്ടും"

തൊട്ടിലിൽ കിടക്കുന്ന ശിശു അമ്മയുടെ താരാട്ടുകേട്ട് ശാന്തമായി ഉറങ്ങുന്നു. നാട്ടിൻപുറത്തെ ചരൽനിറഞ്ഞ വളഞ്ഞ പാതയിലൂടെ നിശീഥിനിയുടെ ഏകാന്തതയിൽ കച്ചിനിറച്ച ചാക്കിന്മേൽ ചാരിയിരുന്ന് മൂളിപ്പാട്ടുപാടുന്ന വണ്ടിക്കാരന് ക്ലേശങ്ങളും പ്രയാസങ്ങളും വഴിമാറിക്കൊടുക്കുന്നു. ചക്രപ്പാട്ടിന്റെ അനിരുദ്ധശക്തിയിൽ പാടത്തുകെട്ടിനില്ക്കുന്നവെള്ളം സസന്തോഷം മാറിക്കൊടുക്കുന്നു. പുഞ്ചപ്പാടത്തു ഞാറുപറിച്ചു നടുന്ന കറുത്ത കർഷകകുമാരികളുടെ ഇമ്പമേറിയ ഗാനങ്ങൾ തീപോലത്തെ വെയിലിനെ കുളിർനിലാവായി രൂപാന്തരപ്പെടുത്തുന്നു. മുളംകാട്ടിലൂടെ ചൂളംവിളിച്ചുകൊണ്ടുപോകുന്ന തെക്കൻകാററിലും, പ്രഭാതത്തിന് സ്വാഗതവും, സായംസന്ധ്യയ്ക്കു യാത്രാമംഗളവും നേരുന്ന പറവകളിലും, പാറക്കെട്ടുകളിൽനിന്നു കുതിച്ചുചാടിഒച്ചപ്പാടുണ്ടാക്കി കീഴ്പോട്ടുപായുന്ന കാട്ടാറിലും, വസന്തപുഷ്പങ്ങളെ വട്ടമിടുന്ന ഭൃംഗങ്ങളിലും, നക്ഷത്രങ്ങളിലും, എല്ലാം സംഗീതത്തിന്റെ സത്തു് കലർന്നിരിക്കുന്നതു കാണുമ്പോൾ ഈക്കാണായ ബ്രഹ്മാണ്ഡകടാഹംതന്നെ അദൃശ്യനായ ഏതോ ഒരു ഗായകന്റെ സംഗീതോപകരണമാണെന്നേ

marggam
Digital Library of Christianity in India
www.marggam.com



തോന്നു. അനശ്വരമായ ഒരു ഗാനത്തിന്റെ അലകൾ ഘനീഭവിച്ചതാണ് ഈ പ്രപഞ്ചമെന്ന് കാർലൈൽ പറയുന്നു.

ഫാ. ആബേലിന്റെ ഈ "പൂക്കാല"ത്തിൽ ഇരുപതോളം സുരഭില പുഷ്പങ്ങൾ വിടർന്നു നില്ക്കുന്നു. പൂക്കാലത്തിന്റെ ദേവതയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തൃച്ചേവടികളിൽ ആദരപൂർവ്വം അർപ്പിക്കപ്പെടുന്ന തിരുമുൽക്കാഴ്ചയാണ് ഈ മോഹനപുഷ്പങ്ങൾ അത്രയും.

ഈ ഗാനങ്ങളിൽ പലതും ഇതിന്റെ രചയിതാവു തന്നെ പാടുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഹൃദയത്തിന്റെ ഉള്ളിലേക്കു ഊറിയൂറി ഇറങ്ങുന്ന മധുരിമയുണ്ട് ഇവയിലെല്ലാം എന്ന് എനിക്കു ബോദ്ധ്യമായി. ഭാരതീയസംഗീത സാമ്രാജ്യത്തിൽ ഹിന്ദി കററക്കുട ചൂടും റാണിയായിത്തീർന്നിരിക്കുകയാണ്. ശാസ്ത്രത്തിന്റെ നാലുകെട്ടിൽത്തന്നെ കഴിയുന്ന കർണ്ണാടകസംഗീതത്തിന് ഇടച്ചേരികളുടെയും കീച്ചേരികളുടെയും ഇടയ്ക്കു് സ്ഥാനമില്ലാതായിത്തീർന്നിരിക്കുന്നു. ഹിന്ദിപ്പാട്ടുകളാണ് സാധാരണ ജനങ്ങളെ ഇന്ന് ഏററവും അധികവും ആകർഷിക്കുന്നതു്. "പൂക്കാല"ത്തിലെ പാട്ടുകളെല്ലാംതന്നെ ഹിന്ദിമട്ടിലുള്ളവയാണ്.

"പൂക്കാല"ത്തിലെ ഈ പാട്ടുകൾ മലയാളനാട്ടിൽ അങ്ങോളമിങ്ങോളം അലതല്ലുന്ന ഒരു അടുത്ത ഭാവിയെ ഞാൻ വിഭാവനം ചെയ്യുന്നു. ഫാദർ ആബേലിന്റെ ഗാനങ്ങൾക്ക് നമ്മുടെ നാട്ടിൽ അസൂയാർഹമായ പ്രചാരം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ദേവാലയങ്ങളിലെ ഭക്തിനിർഭരമായ അന്തരീക്ഷത്തിന് ഫാദർ ആബേലിന്റെ ഗാനങ്ങൾ മാററുകൂട്ടുന്നു എന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. രാഗത്തിന്റെ ശ്രാവ്യമാധുരിയോട് ഇണങ്ങിച്ചേരുന്ന സാഹിത്യസൗന്ദര്യവും അദ്ദേഹത്തിന്റെ ഗാനങ്ങൾക്കു ഒരു പ്രത്യേകതയാണ്; ഒരു പക്ഷേ അതുകൊണ്ടുതന്നെയായിരിക്കാം അദ്ദേഹത്തിന്റെ പാട്ടുകൾ എല്ലായിടത്തും സ്വാഗതം ചെയ്യപ്പെടുന്നതും.

ദൈവമാതാവിനോടുള്ള ഭക്തിയിൽ അദ്വിതീയരായ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കേരളീയരുടെ ഭവനങ്ങളിൽ ത്രികാലപ്രാർത്ഥനകൾക്കുശേഷവും, പ്രത്യേകിച്ച്, ദൈവമാതാവിന്റേതായ മേയ്മാസത്തിലും, ദേവാലയങ്ങളിലും, ഭക്തിദ്യോതകങ്ങളായ ഘോഷയാത്രകളിലും, സൊഡാലിററികളുടെയും മററും യോഗങ്ങളിലും, ഏററവും പ്രയോജനപ്രദമായി ആലപിക്കപ്പെടാവുന്നവയാണ് ഈ ഗാനങ്ങൾ. കേരളീയ കത്തോലിക്കഭവനങ്ങളിൽ ഈ ഗാനങ്ങളുടെ വീചികൾ ചിരകാലം അലയടിക്കും.

ജീവിതത്തിന്റെ കൊടുംവെയിലിലേക്ക് ഓടിയെത്തുന്ന തണുത്ത കൊച്ചുകാററുപോലെ പ്രിയംകരമാണ് ഈ പൂക്കാലം എന്ന് എനിക്ക് തോന്നുന്നു. ഈ പാട്ടുകൾ പാടുകയും കേൾക്കുകയും ചെയ്യുന്ന എല്ലാവർക്കും അങ്ങനെതന്നെ തോന്നുമെന്നാണ് എന്റെ വിശ്വാസം.

ഇമ്മാതിരി അനേകമനേകം "പൂക്കാല"ങ്ങളെ വിരചിക്കുവാൻ ഫാദർ ആബേലിന്റെ തൂലികയെ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# പൂക്കാലം.

## ആരോമലാൾ

(ഛോഡ് ബാബുൽകാ. . . .)

അരിതാരണ്യഭൂവിൽ നിന്നാരോഹണം
ചെയ്യുമാരോമലാൾ ഓ. . . നിർമ്മലാരോമലാൾ

1. പാരം പരിശോഭകലരുന്ന കതിരോനൊളി
വെല്ലും മഹിമാവൊളി
തിങ്കൾപ്രഭമങ്ങും സൃഷ്ടാവിൻ
കിരണാങ്കുരം! ദിവ്യകിരണാങ്കുരം
അരിതാ . . . .

2. നീറും നിരാലംബ്യ നിശനീക്കി
വെളിവേകുവാൻ —ദിവ്യവെളിവേകുവാൻ
മേഘച്ചുരുളായ് വന്നൊരു മിന്നൽ
പ്രഭവീശിയ മേരിജഗദംബിക.
അരിതാ . . . .

3. പൊന്നിൻ മുടിച്ചൂടിയൊളിചിന്നി
വിയദാലയം കാത്തുവഴികാട്ടിടും
നല്ലൊരുഷസ്സന്ധ്യാ സുതയാം സു —
ന്ദരതാരകം — പാന്ഥക്കണിതാരകം.
അരിതാ . . . .



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## കടാക്ഷം

(ആനത്തലയോളം . . .)

അണയുന്നസൂര്യനും അലയുന്നൊരാഴിയും
അവളുടെ അഴകും നോക്കിനിന്നു.
ഇനിയില്ല ഭൂമിയിൽ ഇനിയില്ല വാനിലും
ഇതിലും സുമോഹന പേലവാംഗി
കറയററ സൗഭഗം കതിരിട്ട സൗഹൃദം
നിറയുന്ന സുന്ദരി ദിവ്യമേരി
പുളകം പുതഞ്ഞിടും പുതുപുഷ്പവാഹിയാം
പുലരീ, നിനക്കിതാ കൂപ്പുകൈകൾ.

വിരിയുന്ന ദൂരെയാഗിരിമേൽ സുധാംശുതാൻ
ചൊരിയുന്നു ശീതളരശ്മിയെങ്ങും
അവലംബഹീനന്മാർ അലയും നിരാശന്മാർ
അവരതിൻ ചുംബനമേററിടുന്നു.
ഇനിയുമക്കണ്ണുകൾ നനയില്ല, താഴില്ല
ഇനിയും നിരാശരായ് കേഴുകില്ല.

അഴലും സുഖങ്ങളും വഴിയിൽ തടഞ്ഞിടാം.
നിഴൽപോലെ ജീവിതം നീങ്ങുകല്ലീ?
നിലയും പ്രതാപവും ചിരിയും പ്രമോദവും
നിലയററ നീക്കയം ചൂണ്ടിനില്പൂ
ക്ഷണികപ്രഭങ്ങളിൻ ക്ഷണമാസ്വദിച്ചു ഞാൻ
ക്ഷതമേററു മാനിനീ, ദിവ്യമേരീ
ഇനിയെൻറവീഥിയിൽ വിനയംകലർന്നു ഞാൻ
വിധിപോലെ നീങ്ങുവാൻ നിൻകടാക്ഷം
സുരലോകദീപമേ, സുകുമാരതാരമേ,
സുമനോഹരാംഗിണി, കൂപ്പുകൈകൾ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## വരൂ നീ.

(തങ്കക്കിനാക്കൾ. . .)

താരുണ്യതാരാ കുസുമം ചൂടി
വരും സുധാംശുവിതാരോ നീ
തേജോകരങ്ങൾ സുതരാം ചൂഴും
പ്രഭാതസൂര്യനിതാരോ നീ.

1. ജനനീര പങ്കിലമായി, വളരും
നൈരാശ്യ ജലധിയിൽ മുഴുകി
ഉടനൊരു മഹിളാമാണിക്യമഴകിൻ
കയം പൊന്തിവന്നു. ഹാ . . .
താരുണ്യ . . .

2. അഴകൊഴുകും സുമറാണീ, മഹിയിൻ
മായാത്ത പരിമള നിധിയേ,
പരിമളതയുതിരും പൂന്തെന്നലായ് നീ
വരൂ വ്യോമറാണീ. നീ . . .
താരുണ്യ . . .

3. വരമരുളും മഴവില്ലേ, നിറയും
പ്രത്യാശ മനുജരിൽ വിതറി
നിശയുടെയിരുളിൽ നീ വന്നു വിടരൂ
ചിരം ദ്യോതമാനം. നീ . . .
താരുണ്യ . . .



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## സ്വർഗ്ഗാരോഹണം.

(ടംടേർ ജോളധർ . ...)

ശ്രീയൊഴുകിനപരിമളമോടെ
പുൽകുന്ന
ശ്രീമേരിയക്ഷയശരീരം
മേഘംകടന്നയരവാനിൽ.

1. പൂവനമുല്ലാലംഭനേറിടും
പൊൽക്കുസുമംവിരിയുന്ന
മോഹനഗാനം പാടിവരുന്ന
സ്വർല്ലോകസൈന്യം—വാനിൽ
ശ്രീയൊഴു ....

2. വിൺപുരിയിലമോഘത്തചിരം
ചെന്തളിരായ് വിടരുന്ന
ദൈവികളവിൽ കന്യക ചിന്നും
താരാതരംഗം! — ചിന്നും
ശ്രീയൊഴു ....

3. മൂവുലകിന്ന ശാന്തിചൊരിയും
ശ്രീകിരണംവീശുമ്പോൾ
പാവനഗീലേ, നിൻസ്തുതവൃന്ദം
സൗഭാഗ്യമേലും—നിത്യം
ശ്രീയൊഴു ....



www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com



## സാന്ത്വനം

(ലേജാമെരീട്ടത്തയേ. . .)

മേരീ നരാശ്രയം നീ, ദിവ്യ
വരദേ നരാശ്രയം നീ
അഴലാഴി നീന്തി നീന്തി
മനുജൻ വലഞ്ഞുലഞ്ഞു
തുണയേകി, നീ ദയാർദ്രം.

മേരീ . . . .

1. ജലദങ്ങൾ പോയ്മറഞ്ഞു
ജനസഞ്ചയം വലഞ്ഞു.
ഭുവനം വരണ്ടുണങ്ങി
വ്യഥയിൽ മനംകലങ്ങി
മൃഗവും ലതാദിയെല്ലാം
മൃതിയിൻ കവാടമാർന്നു.

മേരീ . . . .

2. ഉടനങ്ങു വിണ്ടലത്തിൽ
ഉയരുന്നു മേഘജാലം
മരിയാംബതൻപവിത്ര-
ചരണങ്ങളംബരത്തിൽ
മഴകോരി വീണമോദം
മനുജന്നു തിങ്ങിനിന്നു.

മേരീ . . . .

3. കദനം കവിഞ്ഞിടുമ്പോൾ
നയനം നിറഞ്ഞിടുമ്പോൾ
അവലംബമങ്ങുതന്നെ
അവനീതലത്തിലമ്മേ
ഇനിയെൻ സമാശ്രയം നീ
ഇനിയെൻ പ്രമോദവും നീ.

മേരീ . . .



www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



# കൈത്തിരി

(ഗംകഫസാനാ . . .)

വിമലവിനീതേ, മേരീ സുശീലേ. ആ . .
ദ്യോവിൻപ്രകാശം ഭുവിൻപ്രമോദം.

1. വിനവനവീശി വിഷവായുതിങ്ങി—
വിടരുന്ന വിണ്ണിൻ നടുവിൽ പ്രസൂനം
വിമല . . .

2. വികലാശയങ്ങൾ വിരവിൽ വിരിഞ്ഞു
മഹിതാശയം നീ മഹിമേൽ ചൊരിഞ്ഞു.
വിമല . . .

3. ഹൃദയം കലങ്ങി കദനം മുഴങ്ങി—
നരനാശനല്കും തിരി വന്നുപൊങ്ങി
വിമല . . .

4. നരകാലയം നിൻ നിഴൽനീങ്ങിടുമ്പോൾ
വിറകൊണ്ടിടുന്നു മറതേടിടുന്നു
വിമല . . .



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ആരു നീ

(ഏമെരെ ദിൽകഹി ഔർചൽ. . .)

ആരു നീ ചാരുതാരാമമേ,
ആരു നീ കന്യകാതാരമേ,
ആരു നീ പാവനാകാരമേ.

1. പൂമരം തേനിടും കാലമേ
പൂങ്കുയിൽ പാടിടും താളമേ,
പുഞ്ചിരി തൂകിടും വാനമേ,
താണ്ഡവം ചെയ്തിടും മേഘമേ
മേരിയിൻ കീർത്തനം ചാർത്തുവിൻ
ആരു നീ . . .

2 പൂവനം ചൂടിടും കോരകം
സുപ്രഭാതാഭയിൽ കണ്ടു ഞാൻ
ഇന്നതാ സൂനമായ് പൂതമാം
തൂമണം വീശിടുന്നന്തിയിൽ
കാമ്യമാം പാവനജീവിതം!
ആരു നീ . . .

marggam
Digital Library of Christianity in India
www.marggam.com



## രാജപുത്രി

(മേരി കഹാനി . . .)

മേരിമനോജ്ഞേ, കന്യകറാണീ
രാജാത്മജേ, എന്നാശ്രയം— മേരി...
മധുരിമയോലും സദ്ഗുണവിശേഷാൽ
സംപൂരിതേ എൻനായികേ

മേരി. . .

സുതരാകുലരായ് കദനാംബുധിയിൽ·
കനിവാർന്നുകരം നീയേകണം—നീയേകണം
സുധയൂറിടുമങ്ങേ വീക്ഷണമെൻ
ചിരശാന്തിദമാനന്ദം
അഴലാഴിയിലും സുഖദായകം— അഴ...
ശാശ്വതഗേഹം ചേരുവതല്ലോ
സൗഭാഗ്യദം ബുധദീപമേ—

മേരി...

തവ ചരണയുഗം ഞാൻ പുണരുകിലോ
നീ നൽകിടുമാശാനിലയനവും
ഹാ! വാഴ്ക മാതാവേ
ഹാ! വാഴ്ക റാണീ നീ സതതം
വിനയേതുമെഴാതെൻ ജീവിതവും— വിന...
നീങ്ങിടുവാനായ് നിൻവരമേന്മേൽ
കാരുണ്യപൂർവം പെയ്യു നീ

മേരീ....



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## നാകറാണി.

(ജിയബക്‌രാര്‌ഹേ . . .)

പൊൽക്കരങ്ങൾ വീശിയും
മംഗളങ്ങൾ ചാർത്തിയും
വെൽകവിണ്ണിൻ താരമായ്
കന്യാമരിയാംബികേ—പൊൽ . . .

1. കല്മഷമേശാതുന്നത ഭൂവിൽ
വന്നു വിരിഞ്ഞൊരു സൂനം നീ
വെയ്‌ലിലുമങ്ങേ ദിവ്യദലങ്ങൾ
ഭംഗമെഴാതെ വിളങ്ങി.
പൊൽ . . .

2. പൊന്മുടി ചൂടും വനവുറാണീ
പുഞ്ചിരിതൂകും പൂങ്കാവേ,
പാവനമാം നിൻ ജീവിതനാളം
മർത്യന്നു മാർഗ്ഗണി ദീപം
പൊൽ . . .

3. ക്രൂരികൾ തിങ്ങും രാവിലുമങ്ങേ
പാണികളെൻ മഹിതാലംബം
സൽപഥമെന്നും പിൻതുടരാനും
നിൻ വരമെൻ ചിരദീപം.
പൊൽ . . .



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കണ്ണുനീർ.

(തോന്നിട്ടുമോ കണ്ണീർ . . .)

തൂവുകയോ കണ്ണീർ
മരണാകുലയായ് നീ കേഴുകയോ
താഴുകയോ മേരീ
വ്യഥയാഴിയിലേവം കാൽവരിയിൽ

1. ദൈവസൂനു പരമാത്മനായ് കൊടും—
വെയ്‌ലിലാശ്രയഹീനൻ
ശാന്തിജഗത്തിനു നൽകുവതിന്നായ്
സ്വയമഖിലം ബലിയേകി—ഹാ . . .
തൂവുകയോ . . .

2. "എന്തിദം സുതനെ നീ വെടിഞ്ഞഹോ
വെന്തിടും മിഴിനീരിൽ"
കാൽവരിമലയിൽ സുതനുടെ നിനദം
മനമുരുകും പ്രിയനാദം—ഹാ . . .
തൂവുകയോ . . .

3. "പൂർത്തിയായ് സകല"മെന്നു ചൊന്നതാ
നന്ദനൻ മൃതിയാർന്നു
ക്രൂരിതങ്ങളെങ്ങും നിറയുകയായി
സവിധമതാ മരിയാംബ—ഹാ . . .
തൂവുകയോ . . .

marggam
Digital Library of Christianity in India
www.marggam.com



# മിന്നൽക്കൊടി.

(ഹംതുഝ്സെ മുഹബത് . . . .)

ജയ മരിയാംബികേ, ജയരാജാംബികേ
കതിരിൻസുതയേ, കരമേകണമേ
ദിവ്യമധുരാലയം സ്വർഗ്ഗരാജാലയം
വരമേകണമേ വരദായികയേ

1. നാകേശൻവരുന്നു നരനാകുവാൻ
മർത്ത്യനവലംബമായ് നിത്യസങ്കാശമായ്
മേരിസമലംകൃതംഗേഹമരുളുന്നിതാ
കരുണാനിലയംവിജയാങ്കരമേ.
ജയ . . . .

2. പാദാബ്ജം മനോജ്ഞപുണ്ണരാംമുദാ
ഭവ്യകന്യാംബികേ ഗുണസമ്പൂരിതേ
മർത്ത്യനഭിമാനമേ ദിവ്യതരുണീമണേ
വരമേകണമേ ദിവമേറിടുവാൻ
ജയ . . . .

3. സ്വർല്ലോകം തുറന്നപുരുശാന്തിദം
നവ്യസുവിശേഷവാഹിനി വരദായിനി–ദിവ്യവര
മിന്നൽപ്രഭപോലവേ വന്നവിനമാററുവാൻ.
വിദ്യാലയമേ, ജഗദാശ്രയമേ.
ജയ . . . .



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## വനമലർ

(ഓ ബെച്ലൂവന്‌കെ. . .)

ഓ വിമലമനോഹരി സുരാധിറാണീ
മേരി, വിരാജിതവനാന്തകാന്തീ—മേരി. . .

തോരാതനിശം വിനകൾ വിളയും
ഭുവിതിലാശാകിരണം തൂകി
ഓ ശാപമേററ ഭുവിപര സുഖമണവാൻ
താവകസുതനെ നീ ബലിയരുളി
ആത്മജരിൽ കൃപനിറഞ്ഞ നാഥേ—മേരി. . .

വിനയെഴുമുലകിൻ ചിരമഭിമാനം
പാപവിഹീനേ, നാകമനോജ്ഞേ,—വിന. .
പരിമളമലരിന മധുരിത ജീവൻ
വിടരണമതിലിളവിരാജ്യമാവാൻ
പാവനമലരേ, വികാസമാനം. മേരി. . .



www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# അംബിക

(അയഗാ . . .)

അംബികേ, അംബികേ, അംബികേ
പാവനകന്യാമേരി, അംബികേ . . .

1. സകലേശസൂനു ഭുവിൽ
നരനായ് പിറന്നുകൊൾവാൻ
മരിയേ, മനോഹരീനിൻ
മഹനീയ സൗമനസ്യം.
അതിലല്ലി മർത്ത്യജീവൻ
അതുലം പ്രകാശമാർന്നു?
അതിലല്ലി വീണടിഞ്ഞോ—
രവനീതലം പുകഴ്ന്നു?

അംബികേ . . . .

2. പരിശാന്തി പോയ്മറഞ്ഞു
പരസൗഹൃദം കുറഞ്ഞു
പകയും കലാപവാളും
പടയും പരന്ന പാരിൽ
അനവദ്യശാന്തി വീശി
അണയുന്നടൻ വിയത്തിൽ
അതുലാഭ ചാർത്തിടുംപൊ—
ന്നണിതാരമാതൃമേരി.

അംബികേ . . . .

3 അലയാഴി ശാന്തമായി
പെരുമാരുതൻ മറഞ്ഞു

marggam
Digital Library of Christianity in India
www.marggam.com



ദ്യുതിയിൻകരം വിരിഞ്ഞു
മനുജർക്കകം തെളിഞ്ഞു
മരിയോദയം നവീനം
യുഗമൊന്നു തീർത്തിടുന്നു
ക്ഷിതിവാസമോക്കിലിനിമേൽ
വിരിയും പ്രശാന്തിനിലയം.

അംബികേ . . .

~~~~~~~~

## ആശ്രയം.

(സുംഹാനീരാത് . . . .)

നിതാന്തം ഭുവിനാശ്രയം
ശ്രീമേരി, നിൻകടാക്ഷം
വിനാശം വിരിയുമൂഴിയിൽ
ശ്രീമേരി, നിൻകടാക്ഷം.

നിരാശാവലയമാർന്നിട്ടും
നരാവലിയിലംബികേ
പ്രകാശം വിരവിൽവീശണം
ചിരംകദനമോചകം.
ജഗാംബേ, കുരിശിലാത്മജൻ
നേടിയോരീസുമങ്ങൾ—
വെയ്‌ലിലും വിരിഞ്ഞുവിലസുവാൻ
വെയ്‌ലിലും . . .
തോരാതെ നൽകനിൻവരം
തോരാതെ . . . .
വിരാജ്യമാനഗേഹമതിൽ
അണയുവോളമംബികേ

വിനാശം . . .



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA
~~~~~~~~

## ഉദയം

(ഓട്ടർജാനെ പോലെ . . .)

ഓ മേരി ബന്ധുരാംഗീ
ശ്രീയാളുമാശ്ലദീപം— ഓ. . .

1. കാലംതികഞ്ഞു കന്യാ
സൂനംവിരിഞ്ഞു മിന്നി
വാസന്തികോപഹാരം
വാനം തുളഞ്ഞിറങ്ങി
ഓ മേരി. . .

2. നൈശാന്ധകാരമെങ്ങും
തിങ്ങുന്ന ബേത്ലഹേമിൽ
ശാന്തിപ്രഭാകരങ്ങൾ
നീ താൻ കനിഞ്ഞുവീശി
ഓ മേരി . . .

3. ആനന്ദമന്ദഹാസം
തൂകുന്ന നിൻമുഖാബ്ജം
താഴന്നൊരന്തരംഗം
താങ്ങുന്നമങ്ങിടാതെ
ഓ മേരി . . .

4. ദ്യോവിൽപ്രഭാതരംഗം
ഭുവിൽകൃപാവരങ്ങൾ
കന്യാമണേ കളങ്കം
കാണാത്ത നീയുദിക്കെ
ഓ മേരി . . .

## നായിക

(മുരളീവാലേ . . .)

അവനീനാഥേ, മരിയാംബികേ
വരനിരതൂകുന്ന ഗുമേഘമേ. ഓ . . .

1. പ്രിയമേറുമംബികേ നിൻ
പദതാരിലെന്റെ ചെറുകുസുമാവലി
ആനന്ദമോട്ടു കാഴ്ചയേകുന്നിതാ— കാഴ്ച . . .
ദിവ്യാശിസേകിടുകെൻ കന്യാംബികേ
ദിവ്യകന്യാംബികേ
അവനീ. . .

2. ധരയാം സമുദ്രമദ്ധ്യേ
അവലംബമററവർക്കു വഴികാട്ടി നീ
നാഥേ, കനിഞ്ഞുനിന്റെ കരപല്ലവം—ദിവ്യ. . .
കരയേറുവാൻ സുതർക്കരുണൊന്നപിതം
നിത്യമരുളേണമേ.
അവനീ. . .

3. കുറുമുല്ലതിങ്ങിടുന്ന
വിപിനാന്തരത്തിലാളും പനിനീർസുമം
അനവദ്യസുന്ദരമാം സുരഭീസുഖം—ദിവ്യ. . .
പകരുന്നൊരംബികേ നിൻ ചരണാംബുജം
മുക്തിനരനേകണം
അവനീ. . .



www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## നവജീവൻ

(അമ്പിളിയമ്മാവാ . . .)

1. കന്യക മാതാവേ, വിരിഞ്ഞിടും
പുണ്യപ്രസൂനമേ, നിൻ
നാകസൗരഭ്യമെങ്ങും പ്രശാന്തമാ—
മന്തരിക്ഷം ചമച്ചു.

2. ആരുനിൻ ദിവ്യദാനം, മനോഹരീ,
വർണ്ണിച്ചു തീർത്തുകൊള്ളും?
ആരുനിൻ ചാരുരൂപം ചായങ്ങളിൽ
ചാലിച്ചു ചേർത്തുകൊള്ളും?

3. കല്മഷമേശിടാത്ത ദിവ്യോന്മുഖ—
നേത്രങ്ങൾമാത്രമല്ലോ
സുഷ്ഠുവാംനിൻഗുണങ്ങൾ സമഗ്രമായ്
കാണുന്നു നിർമ്മലാഭം.

4. പാരിനാനന്ദമേകും സുധാകരി
മേരിനിൻ ഭവ്യനാമം
ആരിലും ജാതമാക്കും നിരങ്കുശ—
മാര്യചിന്താതരംഗം.

5. കാറുംകറുപ്പുമേലും വിഹായസ്സും
ചീറുന്ന വന്മരുത്തും
കല്ലോലമാലതിങ്ങും സമുദ്രവും
സംശാന്തമായിടുന്നു.

6. നീറുന്നൊരന്തരംഗം, നിരാശമായ്
നീങ്ങുന്ന ജീവിതങ്ങൾ
മേരി, നിൻ പുഞ്ചിരിപ്പൂവിലിന്നൊരു
നവ്യജീവൻ പുണർന്നു.

7. സായാഹ്നമായിടുമ്പോൾ, അജ്ഞമാ—
മന്ധകാരം വരുമ്പോൾ
വാത്സല്യമേറുമമ്മേ കരങ്ങളിൽ
വീണുഞാൻ വിശ്രമിക്കും.

marggam
Digital Library of Christianity in India
www.marggam.com

## എസ്സ്. എച്ച്. ബുക്കുസ്റ്റാൾ മാന്നാനം

CMI Authors
*00081588*
K100 AB34

1—വ്യാകരണം—ഗ്രന്ഥകർത്താ—
(ഫാ. ആഞ്ചേൽ സി

2—ഭരണങ്ങാനത്തെ അത്ഭുതം

3—തിരുരക്തവർഷം

4—ഫാത്തിമാവണക്കം

5—പൂന്തോപ്പിലെ ചെറുപുഷ്പം

| | | | | |
|---|---|---|---|---|
| | കറപ്പുറകൾ | 3 | 0 | 0 |
| ടി | ഓവൽ ഗിൽററ് | 4 | 8 | 0 |
| ടി | ഗിൽററ് ഓവൽ | 4 | 12 | 0 |
| ടി | കുഷ്യൻ | 5 | 10 | 0 |
| ടി | സെലിലോയിഡ് | 7 | 0 | 0 |

6—വി. കുർബാനയുടെ മുമ്പാകെ

| | | | | |
|---|---|---|---|---|
| | കറപ്പുറകൾ | 1 | 8 | 0 |
| ടി | ഗിൽററ് ഓവൽ | 2 | 12 | 0 |
| ടി | ടി കൂടിയതു് | 3 | 0 | 0 |
| ടി | കുഷ്യൻ | 3 | 10 | 0 |
| ടി | സെലിലോയിഡ് | 5 | 8 | 0 |

(കച്ചവടക്കാർക്ക് പ്രത്യേക കമ്മീഷൻ)

കൂടാതെ കൊന്ത, കാശുരൂപം കുരിശു് ക്രൂശുരൂപം, പ്രെയർബുക്ക് പടങ്ങൾ മുതലായവയും കേരളത്തിലെ എല്ലാ കത്തോലിക്കാ പ്രസ്സുകളിലെയും പ്രസിദ്ധീകരണങ്ങളും എപ്പോഴും വില്പനയ്ക്കു തയാറുണ്ടു്.

ആവശ്യക്കാരുടെ ഹിതാനുസരണം ഓർഡർ അനുസരിച്ചു് ഏതുതരം കൊത്തുരൂപങ്ങളും കുരിശുരൂപങ്ങളും ഗിൽററ് സെലിലോയിഡ് മുതലായവ ഉപയോഗിച്ചുള്ള പുസ്തകബയന്റിംഗ് സംബന്ധമായ എല്ലാ വിധ ജോലികളും കൃത്യസമയത്തു് മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കുന്നതാകുന്നു. താഴെ കാണുന്ന വിലാസത്തിൽ കാററലോഗിനും പുസ്തകത്തിനും ആവശ്യപ്പെടുക.

മാനേജർ, S. H. ബുക്കുസ്റ്റാൾ, മാന്നാനം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam

Digital Library of Christianity in India

www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org